പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2375 12.02.2020 ലെ മറുപടിക്ക്

## 2019-ൽ നടന്ന കയർ കേരള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) 2019-ൽ നടന്ന കയർകേരള സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് സഹായമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; | എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ കേരള 2017 ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ..ഇ.ജി. എസ്. മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർമേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ. മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. ഇതടക്കം 399 കോടി രൂപയുടെ ഓർഡറുകൾ കയർ കേരള 2019-ൽ ലഭ്യമായിട്ടുണ്ട്. |
| ബി) ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനായി അക്വാസ്റ്റിക്ക് പാനൽ നിർമ്മിക്കുന്നതിന് ധാരണയായിട്ടുണ്ടോ; ഇതിന് പുറമെ | ബി) ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനായി അക്വാസ്റ്റിക്ക് പാനൽ നിർമ്മിക്കുന്നതിന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കയർ കേരള 2019 ൽ 103 കോടി രൂപയുടെ കയർ |

| | |
|---|---|
| വേറെ ഏതൊക്കെ മേഖലകളിലാണ് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്; | ഭുവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. |
| സി) കയർ കേരളയിൽ കയർ ഭുവസ്ത്രത്തിന് ഓർഡർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നൊക്കെയാണെന്നും എത്ര കോടി രൂപയുടേതാണെന്നും വ്യക്തമാക്കാമോ? | സി) കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭുവസ്ത്ര പദ്ധതി ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചു കയർ കേരള 2019 ൽ 103 കോടി രൂപയുടെ കയർ ഭുവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ